"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - നിയമനാംഗീകാരം - ശ്രീമതി അശ്വതി. ടി, എൽ.പി.എസ്.ടി, കൽപ്പത്തൂർ എ.യു.പി സ്കൂൾ, കോഴിക്കോട് - റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

**G.O.(Rt)No.7749/2025/GEDN** തീയതി,തിരുവനന്തപുരം, **03-10-2025**

---

പരാമർശം:-

1. കൽപ്പത്തൂർ എ.യു.പി സ്കൂൾ മാനേജർ സമർപ്പിച്ച 12/06/2025 തീയതിയിലെ റിവിഷൻ ഹർജി
2. പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/09/2025 തീയതിയിലെ AEOPRB/517/2025-B നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14/09/2025 തീയതിയിലെ 13801/2025/G3/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര ഉപജില്ലയിൽപ്പെട്ട കൽപ്പത്തൂർ എ.യു.പി സ്കൂളിൽ എൽ.പി.എസ്.ടി ആയ ശ്രീമതി. അശ്വതി. ടി യുടെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയത് പ്രകാരം മാനേജരേയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും 9/9/2025 ന് കേൾക്കുകയുണ്ടായി.

**2. ഹിയറിംഗ് വേളയിലെ മാനേജരുടെ വാദങ്ങൾ:-**

കോഴിക്കോട് ജില്ല, പേരാമ്പ്ര ഉപജില്ലയിൽ ഉൾപ്പെടുന്ന കൽപ്പത്തൂർ എ.യു.പി വിദ്യാലയത്തിൽ 2022-23 വർഷത്തിൽ പുതുതായി അനുവദിച്ച എൽ.പി.എസ്.ടി തസതികയിലാണെന്ന് കാണിച്ചാണ് 16/10/22 മുതൽ ശ്രീമതി. അശ്വതി. ടി യെ നിയമിച്ചത്. എന്നാൽ നിയമനാംഗീകാരം താഴെ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിക്കുകയുണ്ടായി

1. 2022- 23 വർഷം അനുവദിച്ച അധിക എൽ.പി.എസ്.ടി തസ്തികയിൽ മാനേജർ

ശ്രീ.അശ്വന്ത് ജി നായരെ നിയമിച്ചിട്ടുണ്ട്. വിദ്യാലയത്തിൽ നിലനിൽക്കുന്ന എൽ.പി.എസ്.ടി ഒഴിവ് 1:1 റേഷ്യോ പ്രകാരം സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റി വെച്ചതാണ്. പ്രസ്തുത ഒഴിവിൽ നിയമനം പറ്റില്ല. ആയതിനാൽ ശ്രീമതി.അശ്വതിയെ ഉൾക്കൊള്ളാൻ വ്യവസ്ഥാപിത ഒഴിവ് നിലവിലില്ല.

2. ചില രേഖകൾ പ്രപ്പോസലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

2019- 20 വർഷം മുതൽ വിദ്യാലയത്തിൽ അനുവദിച്ച അധിക എൽ.പി.എസ്.ടി തസ്ത്ികകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

2019 - 20 - മൊത്തം 6 തസ്തികകൾ (2 എണ്ണം അധിക തസ്തിക)

2022 23 - മൊത്തം 7 തസ്തികകൾ (1 അധിക തസ്തിക)

2018- 19 വർഷത്തിൽ ഒരു അധിക തസ്തിക നിയമനം അംഗീകരിച്ചതിനാൽ 06/02/21 ലെ ഗവ.ഉത്തരവ് (പി) 04/21/പൊ.വി.വ പ്രകാരം ആറാമത്തെ തസ്തിക 1:1 റേഷ്യോ പ്രകാരം നിയമനം നടത്താനായി മാറ്റി വെച്ചതാണ്. 2022 - 23 വർഷം അനുവദിച്ച ഒരു അധിക തസ്തിക (7 മത്തെ) ഒഴിവിൽ ഒരേ സമയം, ശ്രീ.അശ്വന്ത് ജി നായർ, ശ്രീമതി. അശ്വതി ടി എന്ന രണ്ട് പേരെയും തെറ്റായി നിയമിക്കുകയുണ്ടായി. (രണ്ട് പേരുടെയും നിയമന തീയ്യതി 16/10/22) ആയതിൽ ജനന തീയ്യതി കണക്കിലെടുത്താൽ ശ്രീമതി.അശ്വതി യാണ് സീനിയർ ആയി വരിക.

എന്നാൽ യഥാർത്ഥത്തിൽ ശ്രീമതി. അശ്വതിയെ നിയമിച്ചത് 2019- 20 വർഷം വിദ്യാലയത്തിൽ അനുവദിച്ച രണ്ടാമത്തെ അധിക എൽ.പി.എസ്.ടി തസ്തികയിലാണ്. (2022- 23 വർഷത്തെ തസ്തികയിൽ അല്ല. ആയതിൽ ശ്രീ.അശ്വന്ത് ജി നായർക്കാണ് നിയമനം നൽകിയത്.) 2022 -23 വർഷത്തിൽ അനുവദിച്ച അധിക തസ്തികയിലാണ് ശ്രീമതി.അശ്വതി യെ നിയമിച്ചതെന്ന് നിയമന ഉത്തരവിൽ കാണിച്ചത് ഒരു ക്ലറിക്കൽ പിശകാണ്. പ്രസ്തുത തെറ്റ് തിരുത്തി മാനേജർ നിയമന ക്രമീകരണ ഉത്തരവ് ഇപ്പോൾ നൽകിയിട്ടുമുണ്ട്. ആയതിന്റെ പകർപ്പ് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി. അശ്വതി ടി യുടെ നിയമനം നടന്നത് 2019 - 20 വർഷം അനുവദിച്ച അധിക

തസ്തികയിലായതിനാൽ, 23/1/23 ലെ ഗവ.ഉത്തരവ് (പി) 02/23/പൊ.വി.വ പ്രകാരം, മാനേജർ 06/02/21 ലെ ഗവ.ഉത്തരവ് (പി) 04/21/പൊ.വി.വ പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിക്കുകയാണെങ്കിൽ, നിയമന തീയ്യതി മുതൽക്ക് നോഷണൽ ആയും ഉത്തരവ് തീയ്യതി മുതൽ സാമ്പത്തിക ആനുകൂല്യത്തോടെയും നിയമനാംഗീകാരം നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (ഖണ്ഡിക v) മേൽ ആനുകൂല്യം ശ്രീമതി.അശ്വതി ടി യുടെ നിയമനത്തിനും നൽകി, നിയമന തീയ്യതിയായ 16/10/22 മുതൽക്ക് അംഗീകാരം നൽകാനുള്ള നിർദ്ദേശം പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്നഭ്യർത്ഥിക്കുന്നു. നിയമനാനുസൃത സത്യപ്രസ്താവന മാനേജർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുമ്പാകെ സമർപ്പിക്കുന്നതുമാണ്.

3. വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :-

കൽപത്തൂർ എ യു പി സ്കൂളിൽ 2022- 2023 വർഷത്തെ തസ്തിക നിർണയപ്രകാരം പുതുതായി സൃഷ്ടിച്ച അധിക തസ്തികയിൽ ശ്രീമതി. അശ്വതി ടി യെ 16.10.22 മുതൽ എൽ പി എസ് ടി യായി സ്കൂൾ മാനേജർ നിയമിച്ചിരുന്നു. ടിയാരി എൽ പി എസ് ടി തസ്തികയ്ക്ക് ആവശ്യമായ യോഗ്യതകൾ നേടിയിരുന്നെങ്കിലും അപേക്ഷയുടെ കൂടെ സ്റ്റാഫ് ലിസ്റ്റ് സമർപ്പിച്ചിട്ടില്ലാത്തതിനാലും ചേഞ്ച് ഓഫ് സ്റ്റാഫ് കോളം 1 പൂർണമല്ല എന്ന കാരണത്താലുമാണ് ശ്രീമതി അശ്വതിയുടെ അപേക്ഷ എ ഇ ഒ നിരസിച്ചത്.

പ്രസ്തുത സ്കൂളിൽ 2019 -20 വർഷത്തെ തസ്തിക നിർണയപ്രകാരം HM 1+യു പി 7,എൽ പി 4 + 2 (അധിക തസ്തിക) = ആകെ 6 എൽ പി എസ് ടി തസ്തികയും

2022 -2023 തസ്തിക നിർണയപ്രകാരം HM 1+യു പി 7+ 2 (അധിക തസ്തിക),എൽ പി 6 +1 (അധിക തസ്തിക) - 7 എൽ പി എസ് ടി തസ്തികയാണ് അനുവദിച്ചത്.

ടി സ്കൂളിൽ 4/21 ഉത്തരവ് പ്രകാരം 2018 -19 വർഷം ഉണ്ടായ അധിക തസ്തിക യിൽ ശ്രീമതി വിനയ കെ യെ,എൽ പി എസ് ടി യായി മാനേജർ നിയമിക്കുകയും ടി നിയമനം അംഗീകരിച്ചു നൽകിയിട്ടുമുണ്ട് . ശ്രീമതി വിനയ യടക്കം 5 എൽ പി എസ് ടി അദ്ധ്യാപകർ റെഗുലറായി നിലവിൽ ജോലി ചെയ്യുന്നുണ്ട്, 4/21 ഉത്തരവ് പ്രകാരം ഭാവിയിൽ ഉണ്ടാകുന്ന അധികതസ്തിക സംരക്ഷിത അധ്യപകർക്കു വേണ്ടി

മാറ്റിവെക്കുമെന്ന മാനേജരുടെ ബോണ്ട് പ്രകാരമാണ് ശ്രീമതി വിനയ കെ യുടെ നിയമനം അംഗീകരിച്ചിട്ടുള്ളത്.

എന്നാൽ **2022-23** വർഷം ഉണ്ടായ അധിക തസ്തികയിലാണ് മാനേജർ ശ്രീമതി അശ്വതിയെ നിയമിച്ചിട്ടുള്ളത്. **4/ 21** ലെ ഖണ്ഡിക **4** ൽ അധിക തസ്തിക ഒഴികെയുള്ള ഒഴിവുകളിലെ നിയമനങ്ങൾക്കു ചട്ട പ്രകാരം അംഗീകാരം നൽകാനാണ് ഉത്തവായിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ, ശ്രീമതി. വിനയ യെ **GO(P)4/21**/പൊവിവ തിയതി **06-02-21** ഉത്തരവ് പ്രകാരം നിയമിച്ചതിനാൽ **2019- 20** വർഷം ഉണ്ടായ **6-**ാ മത്തെ അധിക തസ്തിക പ്രൊട്ടക്ടഡ് ടീച്ചർ നെ നിയമിക്കുന്നതിനായി ബോണ്ട് പ്രകാരം സർക്കാരിനു വിട്ടു നൽകേണ്ടതാണ്. പിന്നിട്, **2022- 2023** തസ്തിക നിർണയപ്രകാരം ഉണ്ടായ ഒരു അധിക തസ്തിക മാത്രമേ എൽ പി യിൽ ലഭ്യമാവു. **2022- 2023** തസ്തിക നിർണയപ്രകാരം ഉണ്ടായ ആദ്യത്തെ **1** അധിക എൽ പി എസ് ടി തസ്തികയിൽ തന്നെയാണ് ശ്രീ അശ്വന്ത് ജി നായർ, ശ്രീമതി അശ്വതി ടി എന്നി വരെ **16.10.22** മുതൽ മാനേജർ നിയമിച്ചിട്ടുള്ളത്. ആയതിനാലാണ് ശ്രീമതി അശ്വതി യുടെ അപേക്ഷ നിരസിച്ചത് എന്ന് അറിയിക്കുന്നു.

എന്നാൽ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയിൽ അറിയിച്ചത് പ്രകാരം ശ്രീമതി അശ്വതി ടി യെ **2019-20** ൽ ഉണ്ടായ ആറാമത്തെ അധിക തസ്തികയിലാണ് നിയമനം നൽകിയത് എന്നും ആയത് ക്ലറിക്കൽ പിശകുമൂലം **2022-23** എന്ന് തെറ്റായി രേഖപെടുത്തിയതാണെന്നും അറിയിക്കുകയും, തെറ്റ് തിരുത്തി ഉത്തരവ് തയ്യാറാക്കി പകർപ്പ് ഓഫീസിൽ സമർപ്പിച്ചിട്ടുമുണ്ട്.

മേൽ വസ്തുതകൾ നിലനിൽക്കെ പ്രസ്തുത സ്കൂളിൽ ശ്രീമതി വിനയ യെ നിയമിച്ചത് **4/21** ഉത്തരവ് പ്രകാരം **2018 -19** വർഷം ഉണ്ടായ അധിക തസ്തിക യിൽ നിയമനാംഗീകാരം നൽകിയത്, ഭാവിയിൽ ഉണ്ടാവുന്ന തസ്തിക വിട്ടു നൽകാമെന്ന ബോണ്ട് പ്രകാരവുമാണ്. ആയതു പ്രകാരമാവുമ്പോൾ **2019-20** അധിക തസ്തിക സംരക്ഷിത അധ്യപകർക്കു വേണ്ടി മാറ്റിവെക്കേണ്ടതാണ്. ഭാവിയിൽ ഉണ്ടാവുന്ന തസ്തിക വിട്ടു നൽകാമെന്ന ബോണ്ട് വ്യവസ്ഥ കോടതി വിധിക്കനുസരിച്ചു പാലിച്ചാൽ മതി എന്ന വ്യവസ്ഥ പ്രകാരം എങ്കിൽ **2019-20** ൽ ഉണ്ടായ അധിക

തസ്തിക നിലവിലുണ്ട് എന്നും പ്രസ്തുത സ്ക്കൂളിൽ ഭിന്നശേഷി സംവരണം പാലിക്കപ്പെട്ടിട്ടില്ല എന്നും അറിയിക്കുന്നു.

**4. മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ലഭ്യമായ റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.**

കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര ഉപജില്ലയിൽപ്പെട്ട കൽപ്പത്തൂർ എ യു പി സ്ക്കൂളിൽ എൽ പി എസ് ടി ആയ ശ്രീമതി. അശ്വതി ടി യുടെ 16.10.2022 മുതലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം.

കൽപത്തൂർ എ യു പി സ്കൂളിൽ 2022- 2023 വർഷത്തെ തസ്തിക നിർണയപ്രകാരം പുതുതായി സൃഷ്ടിച്ച അധിക തസ്തികയിൽ ശ്രീമതി. അശ്വതി ടി യെ 16.10.22 മുതൽ എൽ പി എസ് ടി യായി മാനേജർ നിയമിച്ചിരുന്നു. ടിയാൾ എൽ പി എസ് ടി തസ്തികയ്ക്ക് ആവശ്യമായ യോഗ്യതകൾ നേടിയിരുന്നെങ്കിലും അപേക്ഷയുടെ കൂടെ സ്റ്റാഫ് ലിസ്റ്റ് സമർപ്പിച്ചിട്ടില്ലാത്തതിനാലും ചേഞ്ച് ഓഫ് സ്റ്റാഫ് കോളം 1 പൂർണമല്ല എന്ന കാരണത്താലുമാണ് ശ്രീമതി അശ്വതിയുടെ അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചത്.

പ്രസ്തുത സ്കൂളിൽ 2019 -20 വർഷത്തെ തസ്തിക നിർണയപ്രകാരം HM 1+യു പി 7,എൽ പി 4 + 2 (അധിക തസ്തിക) = ആകെ 6 എൽ പി എസ് ടി തസ്തികയും

2022 -2023 തസ്തിക നിർണയപ്രകാരം HM 1+യു പി 7+ 2 (അധിക തസ്തിക),എൽ പി 6 +1 (അധിക തസ്തിക) - 7 എൽ പി എസ് ടി തസ്തികയാണ് അനുവദിച്ചത്.

ടി സ്കൂളിൽ 6.2.2021 ലെ സ.ഉ.(പി)4/2021/പൊ.വി.വ. ഉത്തരവ് പ്രകാരം 2018 -19 വർഷം ഉണ്ടായ അധിക തസ്തിക യിൽ ശ്രീമതി വിനയ കെ യെ,എൽ പി എസ് ടി യായി മാനേജർ നിയമിക്കുകയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട് . ശ്രീമതി വിനയയടക്കം 5 എൽ പി എസ് ടി അദ്ധ്യാപകർ റെഗുലറായി നിലവിൽ ജോലി ചെയ്യുന്നുണ്ട്. സ.ഉ.(പി)നം. 4/2021/പൊ.വി.വ. ഉത്തരവ് പ്രകാരം ഭാവിയിൽ ഉണ്ടാകുന്ന അധികതസ്തിക

സംരക്ഷിത അധ്യപകർക്കു വേണ്ടി മാറ്റിവെക്കുമെന്ന മാനേജരുടെ ബോണ്ട് പ്രകാരമാണ് ശ്രീമതി വിനയ കെ യുടെ നിയമനം അംഗീകരിച്ചിട്ടുള്ളത്. എന്നാൽ **2022-23** വർഷം ഉണ്ടായ അധിക തസ്തികയിലാണ് മാനേജർ ശ്രീമതി അശ്വതിയെ നിയമിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ, ശ്രീമതി. വിനയയെ സ.ഉ.(പി)നം.**4/2021** പൊ.വി.വ ഉത്തരവ് പ്രകാരം നിയമിച്ചതിനാൽ **2019- 20** വർഷം ഉണ്ടായ **6-**ാ മത്തെ അധിക തസ്തിക സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി ബോണ്ട് പ്രകാരം സർക്കാരിനു വിട്ടു നൽകേണ്ടതാണ് . പിന്നിട്, **2022- 2023** തസ്തിക നിർണയപ്രകാരം ഉണ്ടായ ഒരു അധിക തസ്തിക മാത്രമേ എൽ പി യിൽ ലഭ്യമാവു. **2022- 2023** തസ്തിക നിർണയപ്രകാരം ഉണ്ടായ ആദ്യത്തെ **1** അധിക എൽ പി എസ് ടി തസ്തികയിൽ തന്നെയാണ് ശ്രീ അശ്വന്ത് ജി നായർ, ശ്രീമതി അശ്വതി ടി എന്നിവരെ **16.10.22** മുതൽ മാനേജർ നിയമിച്ചിട്ടുള്ളത്. ആയതിനാലാണ് ശ്രീമതി അശ്വതി യുടെ അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചത്.

എന്നാൽ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ ശ്രീമതി അശ്വതി ടി യെ **2019-20** ൽ ഉണ്ടായ ആറാമത്തെ അധിക തസ്തികയിലാണ് നിയമിച്ചത് എന്നും ആയതു ക്ലറിക്കൽ പിശകുമൂലം **2022-23** എന്ന് തെറ്റായി രേഖപെടുത്തിയതാണെന്നും കാണുന്നു. തെറ്റ് തിരുത്തി ഉത്തരവ് തയ്യാറാക്കി മാനേജർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതായി എ ഇ ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകൾ നിലനിൽക്കെ പ്രസ്തുത സ്കൂളിൽ ശ്രീമതി വിനയ യെ നിയമിച്ചത് **6.2.2021**ലെ സ.ഉ.(പി)നം.**4/21**/പൊ.വി.വ. ഉത്തരവ് പ്രകാരം **2018 -19** വർഷം ഉണ്ടായ അധിക തസ്തികയിൽ നിയമനാംഗീകാരം നൽകിയത്, ഭാവിയിൽ ഉണ്ടാകുന്ന തസ്തിക വിട്ടു നൽകാമെന്ന മാനേജരുടെ ബോണ്ട് പ്രകാരമാണ്. ആയതു പ്രകാരമാവുമ്പോൾ **2019-20** ലെ അധിക തസ്തിക സംരക്ഷിത അധ്യാപകർക്കു വേണ്ടി മാറ്റിവെക്കേണ്ടതാണ്. ഭാവിയിൽ ഉണ്ടാകുന്ന തസ്തിക വിട്ടു നൽകാമെന്ന ബോണ്ട് വ്യവസ്ഥ കോടതി വിധിക്കനുസരിച്ചു പാലിച്ചാൽ മതി എന്ന വ്യവസ്ഥ പ്രകാരമെങ്കിൽ **2019-20** ൽ ഉണ്ടായ ആറാമത്തെ അധിക തസ്തിക നിലവിലുണ്ട്

എന്നും പ്രസ്തുത സ്കൂളിൽ ഭിന്നശേഷി സംവരണം പാലിക്കപ്പെട്ടിട്ടില്ല എന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. അശ്വതിയെ 2019-20 ലെ രണ്ടാമത്തെ അധിക തസ്തികയിൽ നിയമിച്ചിട്ടുള്ളതായിട്ടാണ് മാനേജർ അപ്പീലിൽ പറയുന്നത്. 2019-20 ലെ അധിക തസ്തിക യഥാർത്ഥത്തിൽ ഒഴിഞ്ഞു കിടന്നോ മറിച്ച് ആരെയെങ്കിലും നിയമിച്ചിരുന്നോ എന്നത് സ്കൂൾ രേഖകൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതുണ്ട്. അപ്രകാരം യഥാർത്ഥത്തിൽ ഒഴിഞ്ഞു കിടക്കുന്നു എങ്കിൽ അത്തരത്തിൽ നിയമന ഉത്തരവ് മാനേജർ സമർപ്പിക്കുന്ന മുറക്കും സത്യപ്രസ്ഥാവന സമർപ്പിക്കുന്ന മുറയ്ക്കും ഭിന്നശേഷി വ്യവസ്ഥകൾക്കനുസൃതമായും ടി ഒഴിവു വ്യവസ്ഥാപിതമാണെന്ന് ഉറപ്പാക്കി 21/3/23 ലെ സ.ഉ.(പി) 2/23/പൊ.വി.വ ഉത്തരവ് പ്രകാരം ശ്രീമതി. അശ്വതി ടി യുടെ 16.10.2022 മുതലുള്ള നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുന്നതിന് പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കൊണ്ട് പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SWAPNA P**
**JOINT SECRETARY**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പേരാമ്പ്ര, കോഴിക്കോട്
മാനേജർ, കൽപ്പത്തൂർ എ.യു.പി സ്കൂൾ, കൽപ്പത്തൂർ പി.ഒ, കോഴിക്കോട് - 673524
ശ്രീമതി അശ്വതി. ടി, എൽ.പി.എസ്.ടി, കൽപ്പത്തൂർ എ.യു.പി സ്കൂൾ, കൽപ്പത്തൂർ പി.ഒ, കോഴിക്കോട് - 673524
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Asha Rani M
Date: 03-10-2025 16:26:22
ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ